**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3686 — 14.03.2017 ൽ മറുപടിക്ക്

## ആരോഗ്യവകുപ്പിൽ പുതിയ തസ്തികകൾ

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യവകുപ്പിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചു എന്ന് അറിയിക്കുമോ; വിശദവിവരം വ്യക്തമാക്കുമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ.ഉ.(എം.എസ്) നം.192/2016/ആ.കു.വ തീയതി:07.10.2016 പ്രകാരം 204 ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2-ന്റെ തസ്തികകളും, സ.ഉ(എം.എസ്) നം.230/2016/ആ.കു.വ തീയതി 28.12.2016 പ്രകാരം 47 അസിസ്റ്റന്റ് ദന്തൽ സർജൻമാരുടെയും തസ്തികകളും ജി.ഒ.(എം.എസ്) നം.198/16/ആ.കു.വ, തീയതി 20.10.2016 പ്രകാരം 19 നഴ്സിംഗ് ട്യൂട്ടർമാരുടെ തസ്തികകളും ആരോഗ്യ വകുപ്പിൽ പുതുതായി സൃഷ്ടിക്കുകയുണ്ടായി. കൂടാതെ മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിൽ ജി.ഒ(എം.എസ്) നം.22/2017/ആ.കു.വ തീയതി 09.02.2017 പ്രകാരം പത്ത് വിവിധ തസ്തികകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പുതിയ മെഡിക്കൽ/ദന്തൽ/നഴ്സിംഗ് കോളേജുകളിലായി 450 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.<br><br>കൂടാതെ, സർക്കാർ ഉത്തരവ് നമ്പർ 193/2016/ആ.കു.വ തീയതി 07.10.2016 പ്രകാരം പ്രൊഫസർ ഓഫ് ഫാർമസ്യൂട്ടിക്കൽ അനാലിസിസ് തസ്തിക തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സൃഷ്ടിച്ചു.<br><br>സർക്കാർ ഉത്തരവ് (കൈ) 20/2017/ആ.കു.വ തീയതി 06.02.2017 പ്രകാരം ആലപ്പുഴ ഫാർമസികോളേജിൽ 4 സീനിയർ ലക്ചറർമാരുടെ തസ്തിക സൃഷ്ടിച്ചു.<br><br>സർക്കാർ ഉത്തരവ് (എം.എസ്) നം.225/2016/ആ.കു.വ തീയതി 22.12.2016 പ്രകാരം സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ റേഡിയോ തെറാപ്പി വിഭാഗത്തെ അർബുദരോഗ ചികിത്സയ്ക്കുള്ള സമഗ്ര കേന്ദ്രമാക്കി ഉയർത്തുന്നതിന് 105 തസ്തികകൾ സൃഷ്ടിച്ചു. |

സെക്ഷൻ ഓഫീസർ